## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2766 06.11.2019-ലെ മറുപടി**

## കടമക്കുടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് കടമക്കുടി ഗ്രാമപഞ്ചായത്തിൽ നടന്നുവരുന്ന കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;; | എ) | കിഫ്ബി 2016-17 ൽ ഉൾപ്പെടുത്തി കടമക്കുടി പഞ്ചായത്തിലെ ശുദ്ധജല വിതരണ ശൃംഖല ശാക്തീകരിക്കുന്ന പ്രവർത്തിയ്ക്ക് 12 കോടി രൂപയുടെ ധനസഹായ അനുമതി നൽകിയിട്ടുണ്ട്. മൂന്ന് മേഖലകളായി തിരിച്ചാണ് മേൽ പ്രവർത്തി നടപ്പിലാക്കുന്നത്. ഒന്നാം മേഖലയിൽ ആകെ സ്ഥാപിക്കേണ്ട 15.967 കി. മീറ്ററിൽ 14.169 കി.മീറ്ററും രണ്ടാം മേഖലയിൽ സ്ഥാപിക്കേണ്ട 21.956 കി.മീറ്ററിൽ 19.744 കി.മീറ്ററും മൂന്നാം മേഖലയിൽ സ്ഥാപിക്കേണ്ട 12.580 കി.മീറ്ററിൽ 11.879 കി.മീറ്ററും പൈപ്പുകൾ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞു. മേൽ പദ്ധതിയുടെ പ്രവർത്തികൾ ഏകദേശം 92% പൂർത്തിയായിട്ടുണ്ട്. |
| ബി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ; | ബി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ യാതൊന്നുമില്ല. |
| സി) | പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | സി) | 2019 ഡിസംബർ 31 ഓടുകൂടി പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |
| ഡി) | കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കേണ്ട സമയ പരിധി എന്നുവരെയായിരുന്നുവെന്ന് വിശദമാക്കാമോ; | ഡി)& ഇ) | കരാർ പ്രകാരം നിർമ്മാണ പ്രവർത്തങ്ങൾ പൂർത്തീകരിക്കേണ്ട സമയപരിധി 15.05.2018 വരെയായിരുന്നു. എന്നാൽ പ്രവർത്തി തുടങ്ങാൻ കാലതാമസം ഉണ്ടായി. തുടർന്ന് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് പൂർത്തീകരണ കാലാവധി 30.06.2018 വരെയായി ദീർഘിപ്പിച്ച് നല്കിയിരുന്നു. എന്നാൽ 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയം മൂലവും അതിനുശേഷം പൈപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രാദേശിക നിവാസികളുടെ എതിർപ്പ് മൂലമുണ്ടായ തടസ്സങ്ങൾ കണക്കിലെടുത്ത് പദ്ധതിയുടെ പൂർത്തീകരണ കാലാവധി 31.03.2019 വരെയായി ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. ഇപ്പോൾ 31.12.2019 വരെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള കോൺട്രാക്ടറുടെ അപേക്ഷ വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്. |
| ഇ) | കരാറുകാരന് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ടെന്നും എന്നുവരെയെന്നും വ്യക്തമാക്കാമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ